# STD - II

## അദ്ധ്യാപക സഹായി

**പാഠം ഒന്ന്   ഏദൻതോട്ടം   ഭാഗം – ഒന്ന്**

**ലക്ഷ്യം:**

ദൈവമാണ് ഈ പ്രപഞ്ചം മുഴുവനും സൃഷ്ടിച്ചത്. നമ്മെ സൃഷ്ടിച്ച ദൈവത്തോടൊപ്പം നമുക്കും സന്തോഷത്തോടെ ജീവിക്കാം.

**പഠനസഹായി:**

പ്രപഞ്ചത്തിലെ സർവ്വ സൃഷ്ടികളുടെയും ചിത്രങ്ങൾ അല്ലെങ്കിൽ വീഡിയോ കാണിക്കുക, പേര് പറയിക്കുക.

വചനം ഉത്പ 1:27

**പാഠത്തിന്റെ ഉള്ളടക്കം**

* ഈ പ്രപഞ്ചം മുഴുവനും സൃഷ്ടിച്ചത് ദൈവമാണ്.
* ആദത്തിനും ഹവ്വായ്ക്കുംവേണ്ടി ദൈവം ഏദനിൽ ഒരു പൂന്തോട്ടം ഉണ്ടാക്കി.
* ഏദൻ തോട്ടത്തിന്റെ പേര് പറുദീസ എന്നാണ്.
* ആദവും ഹവ്വയും ദൈവത്തോടൊപ്പം സുഖമായി ജീവിച്ചു.
* ദൈവത്തിന് നന്ദി പറയണം.

**പ്രാർത്ഥന**

പ്രപഞ്ച സ്രഷ്ടാവായ ദൈവമേ അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

**ചോദ്യങ്ങൾ**

1. ആർക്കു വേണ്ടിയാണ് ദൈവം ഏദൻതോട്ടം സൃഷ്ടിച്ചത്?

ഉത്തരം: ആദത്തിനും ഹവ്വായ്ക്കും

2. നമ്മെ സൃഷ്ടിച്ചത് ആര്?

ഉത്തരം: ദൈവം

3. ആരാണ് ഏദൻതോട്ടം സൃഷ്ടിച്ചത്?

ഉത്തരം: ദൈവം

4. ഏദൻ തോട്ടത്തിന്റെ മറ്റൊരു പേര്?

ഉത്തരം: പറുദീസ

5. ദൈവത്തിന്റെ സൃഷ്ടികളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട രണ്ട് പൂക്കളുടെയോ, കിളികളുടെയോ, മൃഗങ്ങളുടെയോ ചിത്രം നോട്ടുബുക്കിൽ ഒട്ടിക്കുക.

# STD - II

## അദ്ധ്യാപക സഹായി

**പാഠം ഒന്ന്      ഏദൻതോട്ടം      ഭാഗം - രണ്ട്**

**ഭാഗം - രണ്ട് ഏദൻതോട്ടം**

**ലക്ഷ്യം:**

ഞങ്ങൾ എല്ലായ്പ്പോഴും ദൈവത്തോടൊപ്പം സന്തോഷത്തോടെ ജീവിക്കും. ദൈവം നൽകിയ കഴിവുകൾ നല്ലതുപോലെ ഉപയോഗിക്കും. ദൈവസ്നേഹത്തെക്കുറിച്ച് കൂട്ടുകാരോട് ഞാൻ പറയും.

**പഠനസഹായികൾ:**

ഏദൻതോട്ടം, ആദം, ഹവ്വയുടെ ചിത്രങ്ങൾ കാണിക്കുക.

**പാഠത്തിന്റെ ഉള്ളടക്കം:**

* ആദത്തെയും ഹവ്വയെയും ദൈവം തന്റെ സ്വന്തം ഛായയിലാണ് സൃഷ്ടിച്ചത്

* ആദവും ഹവ്വയുമാണ് നമ്മുടെ ആദിമാതാപിതാക്കൾ.

* ആദവും ഹവ്വയും ഏദൻതോട്ടത്തിൽ ദൈവത്തോടൊപ്പം സന്തോഷത്തോടെ ജീവിച്ചു.

**പ്രാർത്ഥന**

എല്ലാത്തിന്റെയും ഉടയവനായ ദൈവമേ, അങ്ങയെ ഞാൻ ആരാധിക്കുന്നു, നന്ദി പറയുന്നു, ആമ്മേൻ.

**ചോദ്യങ്ങൾ**

1. ആരാണ് നമ്മുടെ ആദിമാതാപിതാക്കൾ?

ഉത്തരം: ആദവും ഹവ്വയും

2. ആരുടെ ഛായയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്?

ഉത്തരം: ദൈവത്തിന്റെ

3. ആരോടൊപ്പമാണ് ആദവും ഹവ്വയും ഏദൻതോട്ടത്തിൽ ജീവിച്ചത്?

ഉത്തരം: ദൈവത്തോടൊപ്പം

4. നിങ്ങളുടെ വീട്ടിൽ എന്തെല്ലാംതരം പൂച്ചെടികൾ ഉണ്ട്?